


വായനാമുറി

**ശിഹാബ് പൂക്കോട്ടൂർ**

# ഇന്ത്യൻ മാർക്സിസത്തിന്റെ ജാതിപ്പൊരുളുകൾ

**മാർക്സിസത്തിന്റെ ലക്ഷ്യമാവേണ്ടിയിരുന്നത് ചൂഷകരായ ഭരണവർഗത്തെ (ബ്രാഹ്മണരെ) അധികാരസ്ഥാനത്തു നിന്നും താഴെയിറക്കി, ശൂദ്രരെയും അയിത്ത ജാതിക്കാരെയും പിന്നാക്ക ന്യൂനപക്ഷങ്ങളെയും അധികാരത്തിലെത്തിക്കലായിരുന്നു. മാർക്സിസ്റ്റ് ആധിപത്യമുള്ള പ്രദേശങ്ങളിൽ പോലും തങ്ങളെ രാഷ്ട്രീയമായി കൂടുതൽ സഹായിച്ച ദലിത്, പിന്നാക്ക, മുസ്‌ലിം വിഭാഗങ്ങളെ അവഗണിക്കാനാണ് പാർട്ടി ശ്രമിച്ചത്.**




ബ്രാഹ്മണ മാർക്സിസം
എസ്.കെ ബിശ്വാസ്
വിവ: എം.ആർ സുദേഷ്
അദർ ബുക്സ്, കോഴിക്കോട്
വില: 175 രൂപ

**ഇന്ത്യയിലെ** തൊഴിലാളിവർഗ പാർട്ടികളെ പ്രത്യേകിച്ച് സി.പി.എമ്മിനെ സവർണ മേധാവിത്വം ഹൈജാക്ക് ചെയ്തതിന്റെ അകംപൊരുളുകളിലൂടെയുള്ള യാത്രയാണ് എസ്.കെ ബിശ്വാസിന്റെ 'ബ്രാഹ്മണ മാർക്സിസം' എന്ന കൃതി.

നരേന്ദ്രനാഥ് ഭട്ടാചാര്യ(എം.എൻ റോയ്) മുതൽ പ്രകാശ്കാരാട്ട് വരെയുള്ള പാർട്ടി സെക്രട്ടറിമാരും പോളിറ്റ് ബ്യൂറോ അംഗങ്ങളിൽ മഹാഭൂരിഭാഗവും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ജാതി വിശകലന രീതിയെ സമർഥമായി തടഞ്ഞവരായിരുന്നു. പശ്ചിമബംഗാൾ, ത്രിപുര, ആന്ധ്രപ്രദേശ് കേരളം എന്നിവിടങ്ങളിലെ സവർണയുക്തികളായിരുന്നു പാർട്ടിയുടെ മാനിഫെസ്റ്റോ.

തന്റെ കൗമാരപ്രായത്തിൽ ഭീകരഗ്രൂപ്പായ ഹിന്ദുബ്രാഹ്മണർക്കുമാത്രം പ്രവേശനമുള്ള അനുശീലൻ സമിതിയിൽ അംഗമായിരുന്നു എം.എൻ റോയ്. അദ്ദേഹം മാർക്സിസ്റ്റായത് ആ പ്രത്യയശാസ്ത്രത്തോടുള്ള സ്നേഹംകൊണ്ടല്ല. മറിച്ച് ബ്രാഹ്മണരുടെ ആത്മീയ ബന്ധനത്തിൻ നിന്നുള്ള അയിത്ത ജാതിക്കാരുടെയും ശൂദ്രൻമാരുടെയും വിമോചനത്തിന്റെ പാതകൾ തുറന്നുവിട്ട ബ്രിട്ടീഷുകാരെ എത്രയും വേഗം ഇന്ത്യയിൽനിന്ന് കെട്ടുകെട്ടിക്കാനായിരുന്നു. ബ്രഹ്മണ്യത്തോടുള്ളതുപോലെ തുല്യ അളവിൽ യഥാസ്ഥിതികനും പരിവർത്തന വിമുഖനും ആയിരുന്നു അദ്ദേഹമെന്ന് ബിശ്വാസ് നിരീക്ഷിക്കുന്നു.


നഗരപ്രദേശങ്ങളിലെ തൊഴിലാളികളെ കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു പാർട്ടിയുടെ മാർഗരേഖകൾ വികസിച്ചിരുന്നത്. നഗരപ്രദേശങ്ങളിലെ മുഴുവൻ തൊഴിലാളികളും പ്രാഥമികമായി ബ്രാഹ്മണരും ജാതിഹിന്ദുക്കളും ചേർന്നതാണ്. ഗ്രാമപ്രദേശങ്ങളിലെ അസംഘടിത മേഖലയിലെ ഉൽപാദക വർഗങ്ങൾ, കൃഷിപ്പണിക്കാർ, കൈതൊഴിലുകാർ എന്നിങ്ങനെ ഏറ്റവും താഴെ തട്ടിലുള്ള മഹാ ഭൂരിപക്ഷം വരുന്നവർ അയിത്ത ജാതിക്കാരും ശൂദ്രരും

മുസ്‌ലിംകളും ഗോത്രവർഗക്കാരുമായിരുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ ജാതിഹിന്ദുക്കളുടെ തൊഴിലും തൊഴിൽ പ്രശ്നങ്ങളുമാണ് ചർച്ചക്കെടുത്തത്. ഭൂപരിഷ്കരണം എന്ന രാഷ്ട്രീയ വായാടിത്തം ബീഭത്സമായ രീതിയിലായിരുന്നു ദലിത്, ആദിവാസികളെ ഭൂരഹിതരാക്കിയത്. കർഷകതൊഴിലാളികൾക്ക് ഭൂമി പതിച്ചു നൽകുന്നതിലൂടെ ഭൂമിയുടെ അധികാരത്തിന് സവർണ ഇല്ലങ്ങൾ തന്നെയാണ് അർഹർ എന്ന ചെങ്കൊടി മുദ്രയായിരുന്നു ഭൂപരിഷ്കരണം. അടിസ്ഥാന ജാതി വിശകലനരീതികളിൽ നിന്ന് മാറി ഇംഗ്ലണ്ടിലെ വിക്ടോറിയൻ വ്യവസായ യുഗത്തിലെ വർഗവിശകലന രീതിക്ക് തന്നെയാണ് കമ്യൂണിസം ഇന്ത്യയിൽ അച്ചുനിരത്തിയത്. കമ്യൂണിസ്റ്റ് നേതാവായ മുസഫർ അഹമ്മദിന്റെ 'ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയും എന്റെ ജീവിതവും' എന്ന ഗ്രന്ഥത്തിലും ജാതിഹിന്ദുക്കളുടെ ആധിപത്യം എങ്ങനെ വിപ്ലവപാർട്ടിയെ വിഴുങ്ങിയെന്ന് വിലയിരുത്തുന്നുണ്ട്. ലെനിനിൽ നിന്ന് ഫണ്ട് വാങ്ങി ധൂർത്തടിച്ച് തന്റെ 'അനുശീലൻ' ബ്രാഹ്മണ പാർട്ടിയുടെ അധികാരത്തെ തൊഴിലാളിപാർട്ടിയുടെ ചെലവിൽ ഇന്ത്യയിൽ അരക്കിട്ടുറപ്പിക്കാൻ സാധിച്ചപ്പോൾ എം.എൻ റോയ് മാർക്സിസത്തിൽ നിന്ന് വിട്ടുനിന്നു.

നരേന്ദ്രനാഥ് ഭട്ടാചാര്യ എന്ന ബംഗാളി ബ്രഹ്മണനിൽ നിന്ന് അധികം മുന്നോട്ടു പോകാൻ പാർട്ടിക്ക് സാധിച്ചിട്ടില്ല. 1952-ൽ കൊല്ലം ലോക്സഭ മണ്ഡലം സംവരണ സീറ്റായിരുന്നു. മാർകിസ്റ്റ് പാർട്ടി (സി.പി.ഐ) ആ സീറ്റ് ഒഴിച്ചിട്ടു. കൂടെയുള്ള ദലിതരെയും പിന്നാക്കക്കാരെയുമൊന്നും പാർലമെന്റിലെത്താൻ യോഗ്യതയുള്ളവരായി നേതാക്കന്മാർ കണ്ടില്ല. കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിലെ ഓരോ നേതാവിന്റെയും സാമൂഹിക പശ്ചാത്തലം വിശകലനം ചെയ്യുന്നതിൽ അസാമാന്യ മികവ് എസ്.കെ ബിശ്വാസ് കാണിച്ചിട്ടുണ്ട്.

ഇന്ത്യയിലെ കൂലിത്തൊഴിലാളികൾ തങ്ങളുടെ ഉൽപാദനോപാധികളിൽ നിന്ന് പിഴുതെറിയപ്പെട്ടവരായിരുന്നു. അവർ ഇന്ത്യൻ സമൂഹത്തിലെ ഏറ്റവും താഴെ തട്ടുകാരും കീഴാള ജനതയുമാണ്. അവർ ഇന്ത്യൻ ജനസംഖ്യയിൽ മഹാഭൂരിപക്ഷവുമാണ്. സാമൂഹിക വ്യവസ്ഥിതിയുടെ ഇരകളായ ചൂഷിത ജനസാമാന്യമായതിനാൽ സാമൂഹിക വ്യവസ്ഥിതിക്കെതിരെ കലാപം ചെയ്യാനുള്ള ശക്തമായ ത്വര ജന്മസിദ്ധമായി തന്നെ അവർക്കുണ്ട്. നേരെ മറിച്ച് ഇന്ത്യൻ സമൂഹത്തിലെ ഏറ്റവും മേൽത്തട്ട് അതിസൂക്ഷ്മ ന്യൂനപക്ഷം മാത്രമായ ബ്രാഹ്മണരാണ്. ഏഷ്യയിൽ ഏറ്റവും അധികം കോടീശ്വരന്മാരും ലക്ഷപ്രഭുക്കളും ഇവിടെയാണുള്ളത്. ലോകബാങ്കിന്റെ റിപ്പോർട്ട് അനുസരിച്ച്, ലോകത്തെ ഏറ്റവും ദരിദ്രമായ രാജ്യങ്ങളിൽ പത്താമത്തേതാണ് ഇന്ത്യ. ദാരിദ്ര്യരേഖക്ക് താഴെ കൂടുതൽ ആളുകളുള്ള ഒരു രാഷ്ട്രം കൂടിയാണിത്. ലോകത്തെ നിരക്ഷരരിൽ ബഹുഭൂരിപക്ഷവും ഇന്ത്യയിലാണ്. ഇത്തരം ആളുകളിൽ 95ശതമാനവും ശൂദ്രരും അയിത്തജാതിക്കാരും ഗോത്രവർഗക്കാരും മുസ്‌ലിംകളുമാണ്. അസംഘടിത തൊഴിലാളികളിൽ 79 ശതമാനം പേരും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽ 88 ശതമാനം പേരും മറ്റു പിന്നാക്ക (ഒ.ബി.സി) സമുദായങ്ങളിൽ 80 ശതമാനം പേരും മുസ്‌ലിംകളിൽ 84 ശതമാനം പേരും ദരിദ്രരും പീഡിതരുമാണ്. 77 ശതമാനം ഇന്ത്യൻ ജനതയും ഇത്തരത്തിൽ ദരിദ്രരും യാതൊരു സാമൂഹിക സുരക്ഷയുമില്ലാതെ അനാരോഗ്യകരവും ദയനീയവുമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരുമാണ്. അതേസമയം 170ബില്യൺ ഡോളറിന്റെ മൊത്തം ആസ്തിയുള്ള 40 അതിസമ്പന്ന ബിസ്നസ്സുകാരുമായി ഇന്ത്യ ഏഷ്യയിൽ ഒന്നാം സ്ഥാനത്തേക്ക് ഉയർന്നിരിക്കുന്നു. 2004-ൽ ആയിരം കോടി ആസ്തിയുള്ള 9 പേരാണ് ഇന്ത്യയിൽ ഉണ്ടായിരുന്നത്. പതിനായിരം കോടി ആസ്തിയുള്ളവരുടെ ലോക ലിസ്റ്റിൽ യഥാക്രമം 5,14,18,21 സ്ഥാനങ്ങൾ ഇന്ത്യക്കാർ കരസ്ഥമാക്കിയിട്ടുണ്ട്. സമ്പന്ന വർഗം മുഴുവൻ ജാതിപരമായി സവർണരായിരുന്നു. ഇവിടെ മാർക്സിസത്തിന്റെ ലക്ഷ്യമാവേണ്ടിയിരുന്നത് ചൂഷകരായ ഭരണവർഗത്തെ (ബ്രാഹ്മണരെ) അധികാരസ്ഥാനത്തു നിന്നും താഴെയിറക്കി, ശൂദ്രരെയും അയിത്ത ജാതിക്കാരെയും പിന്നാക്ക ന്യൂനപക്ഷങ്ങളെയും അധികാരത്തിലെത്തിക്കലായിരുന്നു.

മാർക്സിസ്റ്റ് ആധിപത്യമുള്ള പ്രദേശങ്ങളിൽ പോലും തങ്ങളെ രാഷ്ട്രീയമായി കൂടുതൽ സഹായിച്ച ദലിത്, പിന്നാക്ക, മുസ്‌ലിം വിഭാഗങ്ങളെ അവഗണിക്കാനാണ് പാർട്ടി ശ്രമിച്ചത്. സിംഗൂർ, നന്ദിഗ്രാം കർഷകരെ കുടിയൊഴിപ്പിക്കൽ രാഷ്ട്രീയ പ്രശ്നം മാത്രമായി വിലയിരുത്തുന്നത് അപകടമായിരിക്കും. ചെങ്ങറ, സിംഗൂർ, നന്ദിഗ്രാം, മൂലമ്പിള്ളി



എസ്.കെ ബിശ്വാസ്

**മതനിരപേക്ഷമെന്ന പാർട്ടിയുടെ പ്രഖ്യാപിത നിലപാട് പ്രതിനിധാനങ്ങളിൽ പ്രബല സമൂഹത്തിന്റെ സാംസ്കാരിക വിനിമയങ്ങളോട് കൂട്ടുകൂടുന്നു. അപരവത്കരണമെന്ന ഇന്ത്യൻ ദേശീയതയുടെ സാംസ്കാരിക ചുറ്റുവട്ടങ്ങളിൽ തന്നെയാണ് കമ്യൂണിസ്റ്റ് പാർട്ടിയും കുടിൽകെട്ടി താമസിക്കുന്നത്.**

തുടങ്ങിയ പ്രദേശങ്ങളോട് മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ച നിലപാട് പാർട്ടിയുടെ ആരംഭം മുതൽ തുടങ്ങിയതാണ്. സവർണരുടെ വികസന സംരംഭങ്ങളിൽ പിഴുതെറിയേണ്ട പാഴ്ച്ചെടികൾ ദലിത്, പിന്നാക്ക, മുസ്‌ലിം, കീഴാള പക്ഷമാണെന്നതിൽ പാർട്ടിക്കുള്ളിൽ രണ്ടഭിപ്രായമുണ്ടായിരുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയിലെ നേതൃപദവി വഹിക്കാനുള്ള യോഗ്യത ആധുനിക ജനാധിപത്യ പൗരനാവുകയെന്നതാണ്. ഇന്ത്യൻ സവർണ മധ്യവർഗ ഹിന്ദു പക്ഷമാണ് ആധുനിക ജനാധിപത്യവാദി. ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതികളോട് മാർക്സിസ്റ്റ് പാർട്ടി ഇടഞ്ഞുനിന്നതിന്റെ സാമൂഹിക പശ്ചാത്തലം പുനർവായനക്ക് വിധേയമാക്കേണ്ടതുണ്ട്. ഇന്ത്യൻ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലം മുഴുവൻ പരിശുദ്ധമാണെന്നല്ല, മറിച്ച് അധഃസ്ഥിതരുടെ കൂട്ടായ്മകളെങ്ങനെയാണ് ചരിത്രപരമായ അട്ടിമറിക്ക് വിധേയമായതെന്ന നിരീക്ഷണമാണിത്.

മതേതരം എന്ന വ്യവഹാരത്തിന്റെ മറപറ്റിയാണ് ജാതീയ വേർതിരിവുകൾ

പൊതുബോധത്തെ കടന്നാക്രമിക്കാറുള്ളത്. മതനിരപേക്ഷമെന്ന പാർട്ടിയുടെ പ്രഖ്യാപിത നിലപാട് പ്രതിനിധാനങ്ങളിൽ പ്രബല സമൂഹത്തിന്റെ സാംസ്കാരിക വിനിമയങ്ങളോട് കൂട്ടുകൂടുന്നു. അപരവത്കരണമെന്ന ഇന്ത്യൻ ദേശീയതയുടെ സാംസ്കാരിക ചുറ്റുവട്ടങ്ങളിൽ തന്നെയാണ് കമ്യൂണിസ്റ്റ് പാർട്ടിയും കുടിൽകെട്ടി താമസിക്കുന്നത്.

ആന്ധ്ര, ബീഹാർ, യു.പി, ബംഗാൾ, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിൽ ഹൈന്ദവീകരിക്കപ്പെട്ട മാർക്സിസം ഉപയോഗിച്ച് ദിലിത് ബഹുജൻ വിഭാഗത്തിന്റെ ഇസ്ലാം, ബുദ്ധ മതപരിവർത്തന ശ്രമങ്ങളിൽ നിന്ന് അവരുടെ ശ്രദ്ധ ഒരു ഉട്ടോപ്യൻ ലോകത്തേക്ക് തിരിച്ചുവിട്ടു. ഹിന്ദുമതത്തെ, അതായത് ജാതീയതയെ രക്ഷിക്കാനായി ശ്രീ ചൈതന്യ 16ാം നൂറ്റാണ്ടിലും, രാജാറാം മോഹൻ റോയ് 19ാം നൂറ്റാണ്ടിലും നിർവഹിച്ച അതേ പങ്കുതന്നെയാണ് യഥാർഥത്തിൽ മാർക്സിസം നിർവഹിച്ചത്. വർഗസമരം ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വ്യത്യാസങ്ങളും അസമത്വവും ഇല്ലാതാക്കുമെന്ന് പ്രചരിപ്പിച്ചുകൊണ്ട്, അറിവില്ലാത്തവരും നിരക്ഷരരും നിരാലംബരുമായ ജനതയെ സ്വാതന്ത്ര്യത്തിന്റെ യഥാർഥ പാതയിൽനിന്ന് വ്യതിചലിപ്പിക്കുന്നതിൽ പാർട്ടി വിജയിച്ചു. സമൂഹത്തിൽ വർഗങ്ങളില്ലാതിരിക്കെ, വർഗസമരം ആരംഭിക്കുന്നതിന്റെ പ്രശ്നം തന്നെ അർഥശൂന്യമാണെന്നു തിരിച്ചറിയാൻ ജനങ്ങളെ ഒരിക്കലും അവർ അനുവദിച്ചില്ല. ജാതിയിലല്ല വർഗത്തിലാണവർ വിശ്വാസമർപ്പിച്ചത്. ദാരിദ്ര്യം, കഷ്ടപാട്, ചൂഷണം എന്നിവക്കെതിരെയുള്ള പോരാട്ടത്തിൽ ജാതി ഒരു പ്രധാനപ്പെട്ട ഘടകമേയല്ലെന്നാണ് കീഴ്ജാതി ജനവിഭാഗങ്ങളെ ബ്രാഹ്മണ കമ്യൂണിസ്റ്റുകൾ പഠിപ്പിച്ചത്. ഹിന്ദുമതത്തിനും ജാതികൾക്കും പറ്റിയ സർവരോഗസംഹാരിയാണ് ഇസ്ലാം എന്ന ദലിത് നേതാവ് ഇ.വി.ആർ പെരിയോറിന്റെ പ്രസ്താവനയെ ജാതിയെ അവഗണിക്കണം, മതപരിവർത്തനം ഒരു പരിഹാരമല്ല എന്ന പ്രചാരണത്തിലൂടെയാണ് കമ്യൂണിസ്റ്റുകൾ നേരിട്ടത്. സവർണ്ണ ജനാധിപത്യത്തിന്റെ ശാശ്വതീകരണമാണ് ഈ പ്രസ്ഥാനം ഇവിടെ നിർവഹിച്ചത്. ത്രിപുര ഒരു മുസ്ലിം ഗോത്രവർഗ ഭൂരിപക്ഷ സംസ്ഥാനമായിരുന്നു. അവിടത്തെ മുസ്ലിംകൾക്ക് ഗോത്രവർഗ ശൂദ്രരുടെ പ്രാതിനിധ്യം പോലും പാർട്ടിയനുവദിച്ചില്ല. ബ്രാഹ്മണ ജാതിയിൽപ്പെട്ടവർക്കാണ് ഗോത്ര വർഗങ്ങൾക്ക് ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിൽ പോലും പാർട്ടി ഭരണചുമതല നൽകിയിട്ടുള്ളത്. ഇന്ത്യയിൽ നിരവധി പാർട്ടികൾ നിർവഹിച്ചത് കുറച്ചുകൂടി ഘടനാപരമായി നിർവഹിച്ചുവെന്നതിലപ്പുറം, ഒരു കീഴാള വിപ്ലവത്തിന് കമ്യൂണിസ്റ്റ് പാർട്ടിക്ക് സാധിച്ചിട്ടില്ല. ■